# എനിക്ക് തെറ്റ് പറ്റിയോ?

ജോയിക്കുട്ടി, ടിഡ്രോയിറ്റ്

ആദ്യപുസ്തകത്തിന്റെ തുടക്കം: ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്നാണല്ലോ. എന്നാൽ ഇംഗ്ലീഷ് പരിഭാഷയിൽ In the begining God made heaven and earth എന്നാണല്ലോ. അപ്പോൾ Heaven എന്ന ഇംഗ്ലീഷ് വാക്കിന്റെ മലയാളപദം ആകാശമെന്നത് ശരിയാണോ? അങ്ങിനെയെങ്കിൽ ആദിയിൽ ദൈവം സ്വർഗ്ഗവും ഭൂമിയും സൃഷ്ടിച്ചു എന്നതാണോ ശരി!

വി. യോഹന്നാന്റെ സുവിശേഷം ഘോഷിക്കുന്നത്: ആദിയിൽ വചനം ഉണ്ടായിരുന്നു എന്നാണല്ലോ. അപ്പോൾ വി. വേദപുസ്തകത്തിന്റെ തുടക്കം: ആദിയിൽ വചനം ഉണ്ടായിരുന്നു; ഈ വചനം ദൈവസന്നിധിയിൽ ആയിരുന്നു. ഈ വചനം ദൈവം ആയിരുന്നു; ആദിയിലെ ഈ വചനം ദൈവസന്നിധിയിൽ അയിരുന്നു. ദൈവം മൂലം സർവ്വവും ഉണ്ടായി, ദൈവത്തെ കൂടാതെ യാതൊന്നും ഉണ്ടായതല്ല. ആദിയിൽ ദൈവം സ്വർഗ്ഗവുംഭൂമിയും സൃഷ്ടിച്ചു എന്നല്ലേ എഴുതേണ്ടത്!

നന്മതിന്മകളുടേയും അറിവിന്റേയുമായ വൃക്ഷത്തെ ദൈവം ഏദൻതോട്ടത്തിൽ മുളപ്പിച്ചു എന്നുവരെ എഴുതിയപ്പോൾ, ദൈവം സാത്താനേയും അവിടെ സൃഷ്ടിച്ചു എന്ന് എഴുതി കണ്ടില്ലല്ലോ! എന്നാൽ സാത്താൻ പാമ്പിന്റെ രൂപത്തിൽ അവരെ പരീക്ഷിക്കുവാൻ അവിടെ ചെന്നിരുന്നു എന്നു വായിക്കുന്നുണ്ടല്ലോ. അപ്പോൾ സാത്താനേയും ദൈവം ഏദൻ തോട്ടിത്തിൽസൃഷ്ടിച്ചു എന്ന്മനസ്സിലാക്കാമല്ലോ. എല്ലാം സൃഷ്ടിച്ച ദൈവം എന്തിന് സാത്താനേയും സൃഷ്ടിച്ചു?

ദൈവം സ്വന്തം രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചത് പുരുഷനായപ്പോൾ ദൈവം തന്നെ പുരുഷനായിരിക്കുമല്ലോ. ഈ ദൈവത്തിന്റെ പ്രതിപുരുഷനായി ദൈവീക വേലക്ക് വരേണ്ടത് പുരുഷനായിരിക്കണമല്ലോ. ഇന്ന് സ്ത്രീകളും ദൈവപ്രതിപുരുഷവേലയ്ക്കാക്കണമെന്നാവശ്യപ്പെട്ട് മുറവിളി കൂട്ടുന്നവർക്കുള്ള ഒരു മറുപടിയാണല്ലോ ഇത്.

ദൈവം എന്തുകൊണ്ട് ആദമിൽ നിന്ന് വീണ്ടും ഒരു പുരുഷന് ജന്മം കൊടുക്കാതെ സ്ത്രീക്ക് ജന്മമേകി? ഇന്ന് സ്വവർഗ്ഗസ്നേഹികളായ സ്ത്രീ പുരുഷന്മാർക്കുള്ള മറുപടിയാണിത്!

ദൈവത്തിന് നിത്യവും മനുജനെ സൃഷ്ടിക്കാൻ സാദ്ധ്യമല്ല. അതിനു വേണ്ടിയല്ലേ ഇതെല്ലാം ദൈവം രൂപകല്പന ചെയ്തത്? നന്മതിന്മകളുടെ വൃക്ഷം മനപ്പൂർവ്വം സൃഷ്ടിച്ചത്, എല്ലാം അറിയാവുന്ന ദൈവം മുൻകൂട്ടി കണ്ടുകൊണ്ട് എല്ലാം അതിന്റെ ക്രമത്തിൽ സൃഷ്ടിച്ച് രൂപപ്പെടുത്തി എന്നതല്ലേ ശരി. ദൈവത്തിന് മുന്നമേ അറിയാമായിരുന്നു മനുഷ്യൻ ഈ പഴം തീർച്ചയായും തിന്നുമെന്ന്. അത് തിന്ന് അവന്റെ ഉൾക്കണ്ണുകൾ തുറന്ന് അവർ ലൈംഗീകവൃത്തി ചെയ്ത് തലമുറകളെ സൃഷ്ടിച്ച് ലോകം നില നിർത്തണമെന്ന് ദൈവത്തിന് തീർച്ചയായും ആഗ്രഹമുണ്ടായിരുന്നു. അതുകൊണ്ടാണല്ലോ പുരുഷന് മോഹിക്കത്തക്ക രൂപത്തിൽ സ്ത്രീക്ക് ജന്മമേകിയത്.

മുല്ലവള്ളിപോലെ, പുരുഷനിൽ പടന്ന് പന്തലിച്ച് പുഷ്പമേകത്തക്കവിധം സൗകുമാര്യവും സൗരഭ്യവും അവൾക്കേകിയത് എന്തിനാണ്? സ്ത്രീ പുരുഷന്മാർ തമ്മിൽ ആകർഷണം ഉണ്ടാകത്തക്കവിധം അവരെ സൃഷ്ടിച്ചതിന്റെ ഉദ്ദേശമെന്താണ്? എന്നാൽ തലമുറകൾ തുടന്ന് മനുഷ്യരിൽ കൂടി സൃഷ്ടിനൽകാനായിരതിവേഴ്ചകൾഇമ്പമുള്ളതാക്കിയ ദൈവത്തെ പരിഹസിച്ച് ഇന്ന് സ്വവർഗ്ഗരതിഭോഗങ്ങളിൽ ഇമ്പപ്പെടുന്നത് ദൈവീക കോപത്തിന് ഇടയാവുമെന്നോർക്കമല്ലോ!

ഇന്ന് ലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രകൃതി ക്ഷോഭങ്ങളും, മാരകരോഗങ്ങളും, ദാരുണ മരണങ്ങളും നിത്യവും നടക്കുമ്പോൾ ഈ ദൈവകോപം ഉണ്ടാക്കുന്ന പ്രവർത്തികളിൽ നിന്ന് നമ്മൾ ദൂരെമാറേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്നു മനസ്സിലാക്കേണ്ടതല്ലയോ?

ദൈവം അറിയാതെ ഒന്നും നടക്കുന്നില്ല എന്ന് നമ്മൾക്കറിയാമല്ലോ. അപ്പോൾ ദൈവം അറിഞ്ഞുകൊണ്ടു തന്നെ മനുഷനെ പുരുഷനായും സ്ത്രീയായും സൃഷ്ടിച്ചു. തലമുറകളുടെ സൃഷ്ടി അവരിലൂടെ നിറവേറ്റാനായി എല്ലാം ദൈവം അറിഞ്ഞു കൊണ്ടു തന്നെ ക്രമീകരിച്ചു. അവൻ തെറ്റു ചെയ്യുമെന്നറിഞ്ഞുകൊണ്ടു തന്നെ അതിനുള്ള എല്ലാ ക്രമീകരണങ്ങളും ചെയ്തു; അവരിൽ കുറ്റം ചുമത്തി. പുരുഷൻ പറഞ്ഞ മറുപടി സ്ത്രീയെ കുറ്റക്കാരിയാക്കിയായിരുന്നു. എന്നാൽ അതിലും വിക്രമയായ സ്ത്രീ പറഞ്ഞ മറുപടി ദൈവത്തെ കുറ്റക്കാരനാക്കിയായിരുന്നു. "ദൈവം സൃഷ്ടിച്ച സർപ്പം എന്നോട് തിന്നാൻ പറഞ്ഞു" ഈ ഒരൊറ്റ വാക്കിലൂടെ സ്ത്രീ ദൈവത്തോട് പാപം ചെയ്തു. അല്ലങ്കിൽ അവളെ പാപിയാക്കിദൈവംതീർത്തു. മറിച്ചായിരുന്നെങ്കിൽഇന്ന്പുരുഷന്മാർ ഗർഭം ധരിക്കുകയും വേദനയോടെ പ്രസവം നടത്തുകയും ചെയ്യുമായിരുന്നല്ലോ. അപ്പോൾ ദൈവത്തിന്റെ ഇഷ്ടം സ്വന്തം രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചവനെ പാപ വിമുക്തനാക്കുക എന്നതായിരിക്കുമല്ലോ.

സ്ത്രീയെ സൃഷ്ടിച്ചപ്പോൾ അവൾക്ക് തീർച്ചയായും ഗർഭപാത്രത്തോടുകൂടെയായിരിക്കുമല്ലോ ദൈവം സൃഷ്ടിച്ചത്. എല്ലാം അറിയാവുന്നവൻ എല്ലാം അതിന്റെ ക്രമത്തിൽതന്നെ വളരെ സൂക്ഷ്മതയോടുകൂടെ തന്നെ ക്രമീകരിച്ചു. പുരുഷൻ അദ്ധ്വാനിച്ച് സ്ത്രീയെ പോറ്റിപുലർത്തണം. അവൾ അവന്റെ സന്തതികൾക്ക് ജന്മമേകി വളർത്തണം. ഇതായിരിക്കണമല്ലോ ദൈവ നിശ്ചയം. എന്നാൽ ദൈവം എന്തിന് അവൾക്ക് പ്രസവവേദന നൽകി? അവൾ പാപം ചെയ്തു. എന്താണ് അവൾ ചെയ്ത പാപം? അനുസരണക്കേടു മാത്രമല്ല; ദൈവത്തിന്റെ നേരേ വിരൽ ചൂണ്ടി വർത്തമാനം പറഞ്ഞു: അവൾ ദൈവത്തെ ചോദ്യം ചെയ്തു. ഇന്നും സ്ത്രീകൾ അനുസരണക്കേടു കാണിക്കുന്നതും ദൈവത്തിന്റെ രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ച പുരുഷനെ വിരൽ ചൂണ്ടി, അവനെ ചോദ്യം ചെയ്യുന്നത് ദൈവത്തിന് ഹിതമാണോയെന്നാലോചിക്കേണ്ടതാണല്ലോ! എന്നാൽ പുരുഷൻ അനുസരണക്കേടു കാണിക്കുന്നതും ദൈവത്തോട് വിരൽ ചൂണ്ടി അവനെ ചോദ്യംചെയ്യുന്നതും ശരിയാണോയെന്ന് ചോദിച്ചേക്കാം; ഒരിക്കലുമല്ല. പുരുഷനെ കർമ്മോത്സുകനാക്കുക എന്നതാണല്ലോ സ്ത്രീയുടെ ധാർമ്മികമായ ചുമതല.

വി. വേദപുസ്തകത്തിലെ ആദി പുസ്തകത്തിന്റെ സൃഷ്ടാവ് മോശയാണല്ലോ. ചെങ്കടൽ കടന്നശേഷം ഇഹലോക വാസം തീരുന്നതിന് മുമ്പായി ആണല്ലൊ മോശ അഞ്ചു പുസ്തകങ്ങളും നിർമ്മിച്ചതെന്ന് വിശ്വസിക്കുന്നത്. ഇതിൽ ആദ്യത്തേതാണല്ലോ ഉല്പത്തി. യെഹൂദന്മാരും, മുസ്ലീമുകളും ക്രിസ്ത്യാനികളും ഒന്നുപോലെ വിശ്വസിക്കുന്നതാണല്ലോ ഈ പുസ്തകങ്ങൾ. എന്നാൽ സൂക്ഷ്മമായി എന്നാണ് ഈ പുസ്തകം രചിച്ചതെന്ന് ഇതുവെരെ വേദപണ്ഡിതന്മാർക്കും കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ല.